പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**22.03.2018 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. **4747**

## മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർക്കെതിരെയുള്ള കേസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി.ജോർജ്ജ് | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) മൈനിംഗ് & ജിയോളജി വകുപ്പിലെ ഡയറക്ടറുടെ ചാർജ് വഹിക്കുന്ന സി.കെ.ബൈജു എന്ന വ്യക്തിയ്ക്കെതിരെ നിലവിൽ വിജിലൻസ് കേസ് ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര കേസുകൾ ഉണ്ട്; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ ചാർജ് വഹിക്കുന്ന ശ്രീ.സി.കെ. ബൈജുവിനെതിരെ അനധികൃതസ്വത്തു സമ്പാദനം സംബന്ധിച്ച് വി.സി.11/16/എസ്.സി.ഇ നമ്പറായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം സ്പെഷ്യൽ സെൽ ഓഫീസിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ് നിലവിലുണ്ട്. |
| (ബി) ടിയാനെ ഡയറക്ടർ ഇൻ ചാർജ് സ്ഥാനത്ത് നിന്നും മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ; | (ബി) ശ്രീ.സി.കെ. ബൈജുവിന് അധികചുമതലയായി നൽകിയ ഡയറക്ടർ ഇൻ ചാർജ് സ്ഥാനത്തുനിന്ന് അടിയന്തരമായി മാറ്റുന്നതിനുള്ള സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) വിജിലൻസ് കേസിൽ ഉൾപ്പെട്ട പ്രസ്തുത വ്യക്തിയെ ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഡയറക്ടർ ഇൻ ചാർജിന്റെ ചുമതല നൽകി നിയമിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; ടിയാനെ പ്രസ്തുത സ്ഥാനത്തുനിന്നും മാറ്റുവാൻ നടപടി സ്വീകരിക്കുമോ; | (സി) Rule 53(a) part I KSR പ്രകാരം സീനിയർ ഉദ്യോഗസ്ഥന്റെ അഭാവത്തിൽ ജൂനിയറായ ആൾക്ക് അഡീഷണൽ ചാർജ്ജ് കൊടുക്കുവാനുള്ള വ്യവസ്ഥയുണ്ട്. അഡീഷണൽ ഡയറക്ടർ, ഡയറക്ടറുടെ അധിക ചുമതല ഒഴിവാക്കണമെന്നാവശ്യപ്പെടുകയും തുടർന്ന് അവധിയിൽ പോവുകയും ചെയ്തപ്പോഴാണ് ശ്രീ.സി.കെ. ബൈജുവിന് ഡയറക്ടറുടെ അധിക ചുമതല നൽകി താല്ക്കാലികമായി നിയമിച്ചത്. |
| (ഡി) മൈനിംഗ് & ജിയോളജി വകുപ്പിൽ ഡയറക്ടർ സ്ഥാനത്തേയ്ക്ക് യോഗ്യതയുള്ള എത്ര പേർ നിലവിലുണ്ട്; അവരുടെ പേരും തസ്തികയും വ്യക്തമാക്കാമോ; ഇവരെ ഡയറക്ടറായി നിയമിക്കാത്തത് എന്ത്കൊണ്ടാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ഡി) മൈനിംഗ് & ജിയോളജി വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരം ഡയറക്ടർ തസ്തിക ടി വകുപ്പിലെ പ്രൊമോഷൻ തസ്തികയല്ല. സർക്കാർ തീരുമാനത്തിനു വിധേയമായാണ് ഉദ്യോഗസ്ഥരെ ഡയറക്ടർ സ്ഥാനത്ത് നിയമിക്കുന്നത്. |
| (ഇ) QV-NO-VE06/2009 EKM Vig Special Cell, No.V.C.11/2016/ SCE, TVM എന്നിങ്ങനെ 2 വിജിലൻസ് കേസ്സുകൾ ഉള്ളതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദമാക്കാമോ? | (ഇ) വി.സി.11/16/എസ്.സി.ഇ നമ്പറായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം സ്പെഷ്യൽ സെൽ ഓഫീസിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ് അന്വേഷണം തിരുവനന്തപുരം സ്പെഷ്യൽ സെൽ ഓഫീസിലേക്ക് മാറ്റി അന്വേഷണം നടന്നു വരുന്നു. ശ്രീ.സി.കെ. ബൈജു മൈനിംഗ് & ജിയോളജി കോട്ടയം ഓഫീസിൽ ജിയോളജിസ്റ്റായി ജോലി നോക്കി |

വരവെ അനധികൃത സ്വത്തു സമ്പാദനം സംബന്ധിച്ച് വി.ഇ.6/09/എസ്.സി.റ്റി. നമ്പരായി ഒരു വിജിലൻസ് അന്വേഷണം നടത്തിയിരുന്നു. ആരോപണങ്ങളിൽ തെളിവില്ല എന്ന് അന്വേഷണ ത്തിൽ കണ്ടെത്തിയതിനാൽ പ്രസ്തുത അന്വേഷണ ത്തിലെ തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുള്ള താണ്.

Manjith

**സെക്ഷൻ ഓഫീസർ**